# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1283 08.02.2013- ൽ മറുപടിക്ക്

## വരൾച്ച നേരിടാൻ സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. റ്റി.എൻ പ്രതാപൻ<br>ശ്രീ. സി.പി മുഹമ്മദ്<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച് 31.12.2012 ൽ സ.ഉ(പി)നം. 497/2012/ഡി.എം.ഡി നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വരൾച്ച നേരിടുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | അടിയന്തിര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളും കുടിവെള്ള വിതരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നത് സംബന്ധിച്ച് 28.12.2012 ൽ 77507/കെ3/2012/ഡി.എം.ഡി നമ്പർ സർക്കുലറായി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലെയും വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോ പിപ്പിക്കുന്നതിന് ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും പ്രസ്തുത യോഗത്തിലെ നിർദ്ദേശങ്ങൾ ക്കനുസൃതമായി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളും കുടിവെള്ള വിതരണ പ്രവർത്തനങ്ങളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടത്തി വരുന്നു. അതനുസരിച്ച് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് നിബന്ധനകൾ പ്രകാരം ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാൻ കഴിയുന്ന ടാങ്കർ ലോറികളിലുള്ള കുടിവെള്ള വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകി വരുന്നത്. വാട്ടർ അതോറിറ്റി, ഭൂഗർഭ ജല വകുപ്പ് എന്നീ വകുപ്പുകളുടെ പദ്ധതികൾ പ്രസ്തുത വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർ അതാത് പ്രദേശങ്ങളുടെ പ്രാധാന്യം അനുസരിച്ച് നൽകി വരുന്നു. ജനുവരി 23 ന് വരൾച്ച നേരിടുന്നതിന് കൂടിയ പ്രത്യേക ക്യാബിനറ്റ് തീരുമാനമനുസരിച്ച് കുടിവെള്ള വിതരണത്തിനും അനുബന്ധ പദ്ധതികൾക്കുമായി സ്റ്റേറ്റ് കലാമിറ്റി |

| | | | |
|---|---|---|---|
| | | | റിലീഫ് ഫണ്ടിൽ നിന്നും 85 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ കർഷകർക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | വരൾച്ച മൂലമുണ്ടാകുന്ന കൃഷി നാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ധന സഹായം അനുവദിക്കുന്നുണ്ട്. |
| (ഡി) | കാർഷിക ലോണുകൾക്കുള്ള റവന്യൂ റിക്കവറികളും ജപ്തി നടപടികളും നിർത്തി വയ്ക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സർക്കാർ നിർദ്ദേശ പ്രകാരം 05.02.2013- ൽ ചേർന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ ബാങ്കുകൾ എല്ലാ കാർഷിക വായ്പകൾക്കും ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുവാനും ജപ്തി നടപടികൾ ഒഴിവാക്കാനും വായ്പകൾ പുനഃക്രമീകരിക്കാനും തീരുമാനിച്ചു. സഹകരണ ബാങ്കുകൾക്കും ഈ തീരുമാനങ്ങൾ ബാധകമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ